III സബ്മിഷൻ

(1) സംസ്ഥാന ഗവൺമെന്റ് ജീവനക്കാരും അദ്ധ്യാപകരും നടത്തുന്ന പണിമുടക്ക്

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് മറുപടി പറയേണ്ടത്.

മി. സ്പീക്കർ : ധനകാര്യവകുപ്പുമന്ത്രി മറുപടി പറയും.

ശ്രീ. ആര്യാടൻ മുഹമ്മദ്: അത് കൂടുതൽ ഉത്തമമായി. സംസ്ഥാനത്തെ എൻ.ജി.ഒ. അസോസിയേഷൻ, സെക്രട്ടറിയേറ്റ് അസോസിയേഷൻ, പി.എസ്.സി അസോസിയേഷൻ, കെ.എ.പി.ടി യൂണിയൻ തുടങ്ങി 31 സർവ്വീസ് സംഘടനകൾ ഇന്ന് പണിമുടക്കുകയാണ്. ആ സംഘടനകൾ ഉന്നയിച്ചിട്ടുള്ള പ്രധാന ആവശ്യങ്ങളിലൊന്ന്, ശമ്പള പരിഷ്ക്കരണത്തിലെ അപാകതകൾ തിരുത്തുക എന്നതാണ്. സാധാരണഗതിയിൽ ശമ്പള പരിഷ്ക്കരണത്തിൽ എന്തെങ്കിലും അനോമലിയുണ്ടെങ്കിൽ അതുപോലും പരിഹരിക്കാൻ സംവിധാന മേർപ്പെടുത്താറുണ്ട്. എന്നാൽ ഈ ശമ്പള പരിഷ്ക്കരണത്തിന് ശേഷം ഗവൺമെന്റ് അങ്ങനെയൊരു സംവിധാനം ഏർപ്പെടുത്തിയില്ല. ഇതുപോലുള്ള കാര്യങ്ങളൊക്കെ ഉന്നയിച്ചുകൊണ്ട് ഒരു ചാർട്ടർ ഓഫ് ഡിമാൻഡ് അവർ കൊടുത്തു. 31 സംഘടനകളാണ് കൊടുത്തത്. 'സെറ്റോ'യുടെ നേതൃത്വത്തിലാണ് ചാർട്ടർ ഓഫ് ഡിമാൻഡ് കൊടുത്തത്. അങ്ങനെ ചാർട്ടർ ഓഫ് ഡിമാൻഡ് കൊടുത്തിട്ട് അവരെയൊന്നു വിളിച്ച് ചർച്ച ചെയ്യാനുള്ള മര്യാദപോലും ഗവൺമെന്റ് കാണിച്ചിട്ടില്ല. അവർ സമരത്തിലേക്ക് നീങ്ങേണ്ടിവന്ന സാഹചര്യം ഇതാണ്. തൊഴിലാളികളാണെങ്കിലും സമൂഹത്തിന്റെ അടിത്തട്ടിലുള്ള ആളുകളാണെങ്കിലും ഒരു ഡിമാൻഡ് ഉന്നയിച്ചുകൊണ്ട് സമരം നടത്താൻ പോകുകയാണെങ്കിൽ അവരെ വിളിച്ച് സംസാരിക്കാനുള്ള സാമാന്യമര്യാദ പോലും കാണിക്കാത്തതിന്റെ ഫലം രണ്ട് ദിവസം മുൻപ് നമ്മൾ എറണാകുളത്ത് അനുഭവിച്ചതാണ്. ഏതായാലും ബഹുമാനപ്പെട്ട മന്ത്രി പിന്നീട് അതിലിടപെട്ടു. ഇവിടുത്തെ തൊഴിലാളികളാണെങ്കിലും കൃഷിക്കാരാണെങ്കിലും ജീവനക്കാരാണെങ്കിലും ഒരു സമരത്തിന് നോട്ടീസ് കൊടുത്താൽ അവരെ വിളിച്ച് സംസാരിക്കുകയില്ല എന്നതാണോ ഈ സർക്കാരിന്റെ നയം?. ആ നയമാണ് ഇവിടെവരെ കാര്യങ്ങൾ കൊണ്ടു വന്നെത്തിച്ചത്. അതിന്റെ ഫലമായി ഇന്ന് അവർ സമരം നടത്തുകയാണ്. ആ സമരനോട്ടീസിൽ, പറഞ്ഞിരിക്കുന്ന ഒരു കാര്യം ശമ്പള പരിഷ്ക്കരണത്തിലെ അപാകതകൾ പരിഹരിക്കുക എന്നതാണ് മറ്റൊന്ന് കേന്ദ്രപാരിറ്റി നൽകിയില്ല എന്നതാണ്. ശ്രീ. എ.കെ. ആന്റണി മുഖ്യ മന്ത്രിയായിരുന്നപ്പോൾ ഇതേ പ്രശ്നം വന്നു. അന്ന് അവർ നോട്ടീസ് കൊടുത്തു. അവരെ വിളിച്ചു സംസാരിച്ചു. അന്ന് അവർക്ക് ഇന്റരിം റിലീഫ് കൊടുത്തു, ഡി.എ.കുടിശ്ശിക കൊടുത്തു. ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ റിപ്പോർട്ട് വന്നാൽ ഞങ്ങൾ നടപ്പാക്കുമെന്നുള്ള ഉറപ്പ് ഈ ഗവൺമെന്റ് ജീവനക്കാർക്ക് കൊടുത്തു. ആ ഉറപ്പ് പോലും കാറ്റിൽ പറപ്പിച്ചുകൊണ്ട് പാരിറ്റി പോലും

LIBRARY ARCHIVES Kerala Legislative Assembly

നൽകാതെയാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. രണ്ട് ഡി.എ. കുടിശ്ശിക കൊടുക്കാനുണ്ട്. ഒരു പത്ത് ശതമാനവും മറ്റൊരു അഞ്ചു ശതമാനവും. ആറോ ഏഴോ ശതമാനം ഏതാനും ദിവസങ്ങൾക്കകം വരാൻ പോകുകയാണ്. കൊടുക്കാനുള്ള കുടിശ്ശിക തുക ഞങ്ങൾക്ക് തരണമെന്ന് പറയുമ്പോൾ അവർക്ക് കൊടുക്കുന്നില്ലെങ്കിലും അവരെ വിളിച്ച് സംസാരിക്കാനുള്ള മര്യാദ യെങ്കിലും ഈ ഗവൺമെന്റ് കാണിക്കണ്ടേ? എന്തെല്ലാം കാര്യങ്ങൾക്ക് ഇവിടെ പണം ചെലവിടുന്നു? അവരെ വിളിച്ചു സംസാരിച്ചാൽ പോരാ, അവരുടെ ഡി.എ. കുടിശ്ശിക അടിയന്തിരമായി സർക്കാർ നൽകണം. ഇത്രയും വില വർദ്ധനവുണ്ടാകുന്ന സന്ദർഭത്തിൽ ഡി.എ. കുടിശ്ശികപോലും കിട്ടാതെ ജീവനക്കാർ എങ്ങനെ ജീവിക്കും? അത് മനസ്സിലാക്കാൻ ഗവൺമെന്റിന് കഴിയുന്നുണ്ടോ? മറ്റൊരു കാര്യമുള്ളത്, പ്ലസ് ടു-വിലേക്കുള്ള അദ്ധ്യാപകരുടെ നിയമനം. അതിനിപ്പോൾ ടെസ്റ്റ് വയ്ക്കുകയാണ്. ഇതൊക്കെ അങ്ങേക്ക് പറയാതെ അറിയാം. ഇവർക്ക് പറഞ്ഞാലും മനസ്സിലാകുകയില്ല, അതല്ലേ ബുദ്ധിമുട്ട്. സർവ്വീസിലുള്ള ആളുകൾക്ക് ക്വാളിഫൈയിംഗ് ടെസ്റ്റ് എന്തിനാണ് നടത്തുന്നത്? അവർക്ക് വേണമെങ്കിൽ ഇൻ സർവ്വീസ് കോഴ്സോ മറ്റോ കൊടുക്കാവുന്നതല്ലേ? ഇത് എന്തിനുവേണ്ടി നടത്തണം? അവരുടെ ഏറ്റവും വലിയൊരാവശ്യമാണത്. ഇനിയും കുറേ കാര്യങ്ങളുണ്ട്. ഇപ്പോൾ ഓഫീസുകളിൽ പോലീസുകാർ കയറുകയാണ്. എന്താണ് സ്ഥിതി? അറ്റൻഡൻസ് വേണം. ഉദ്യോഗസ്ഥൻമാർ ഓഫീസിൽ കയറണം. കയറാത്ത ആളുകളുടെ പേരിൽ നടപടിയെടുക്കണം. ഇപ്പോഴത്തെ സ്ഥിതി എന്താണ്? പോലീസുകാർ ഓഫീസുകളിൽ കയറി അനർഹമായ കാര്യങ്ങൾ റെക്കമെന്റ് ചെയ്യുകയാണ്. അത് ചെയ്യാത്ത ഉദ്യോഗസ്ഥൻമാരെ ഹരാസ് ചെയ്യുകയാണ് പോലീസുകാർ. അത് ശരിയാണോ? ഉദ്യോഗസ്ഥർ ഓഫീസിൽ പോകണം, അറ്റൻഡൻസ് വേണം. അറ്റൻഡൻസ് ഇല്ലെങ്കിൽ നടപടി കൈക്കൊള്ളണം. ഡിപ്പാർട്ട്മെന്റിന് അതിനുത്തര വാദിത്വമില്ലേ? ഇവിടെ ഐ.എ.എസ് . ഓഫീ സർമാരില്ലേ? മറ്റ് ഓഫീസർമാരില്ലേ? പോലീസുകാർക്ക് മാത്രമേ ഇത് ചെയ്യാൻ സാധിക്കുകയുള്ളോ? അഴിമതി നടത്താൻ വേണ്ടി പോലീസുകാർ അവസര മുപയോഗിക്കുകയാണ്. അങ്ങനെ പോലീസുകാരുടെ കയ്യിൽ വേട്ടയാടാൻ ഉദ്യോഗസ്ഥൻമാരെ കൊടുത്തിരിക്കുകയാണ്. ഉദ്യോഗസ്ഥർ ജോലിക്ക് ഹാജരാകണം. അവർ ജോലി ചെയ്യണം. അതിൽ നിങ്ങളേക്കാൾ കൂടുതൽ സ്ട്രോങ്ങായി നിൽക്കുന്നവർ ഞങ്ങളാണ്. ആ കാര്യത്തിൽ സംശയം വേണ്ട. ഈവക കാര്യങ്ങൾ, ശമ്പളത്തിലെ അപാകത, അദ്ധ്യാപകരുടെ പ്ലസ് ടു-വിലേക്കുള്ള നിയമനം, ഡി.എ. കുടിശ്ശിക ഈ വക കാര്യങ്ങളിൽ അടിയന്തിരമായി ഗവൺമെന്റ് പരിഹാരം കാണണം. ബാക്കിയെല്ലാകാര്യങ്ങൾക്കും ഇവിടെ പണമുണ്ട്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി അനുകൂലമായി പ്രതികരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രിക്ക് വേണ്ടി ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പ്രശ്നങ്ങളോട് അനുഭാവപൂർണ്ണമായ സമീപനം കൈക്കൊള്ളുന്ന ഒരു സർക്കാരാണ് ഇന്നുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാർ അധികാരമേറ്റതിന് ശേഷം ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സാമ്പത്തിക-സാമ്പത്തികേതര പ്രശ്നങ്ങളിലെല്ലാം വളരെ അനുകൂലമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ സർക്കാർ പുന:സ്ഥാപിച്ച ഡയസ്നോൺ ഈ ഗവൺമെന്റ് റദ്ദാക്കി. സംസ്ഥാന ജീവനക്കാർ സർവ്വീസിലിരിക്കെ മരണമടഞ്ഞാൽ അവരുടെ പേരിലുള്ള രണ്ട് ലക്ഷം രൂപ വരെയുള്ള ബാദ്ധ്യത എഴുതിത്തള്ളാനുള്ള ഉത്തരവ് പുറപ്പെടുവിച്ചു. ജോലിക്കിടയിൽ ആക്രമണസംഭവങ്ങളിലോ അല്ലാതെയോ മരണം സംഭവിച്ചാൽ ജീവനക്കാരന്റെ ആശ്രിതർക്ക്.....

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞാൻ ഉന്നയിച്ച കാര്യങ്ങൾക്ക് മറുപടി പറഞ്ഞാൽ മതി.

ശ്രീ. ടി. ശിവദാസമേനോൻ: ഞാൻ അതിലേക്ക് വരുന്നു. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിന് വേണ്ടത് എനിക്ക് പറയാൻ പറ്റുമോ? ഞാൻ ഗവൺമെന്റിന് വേണ്ടി മറുപടി പറയും. ആദ്യം വിഷമമുള്ളതും പിന്നീട് മധുരമുള്ളതും പറയാം. ആദ്യം പറയുന്ന കാര്യങ്ങൾ കേൾക്കുമ്പോൾ ലേശം കുറ്റബോധം തോന്നും. ജോലിക്കിടയിൽ ആക്രമണ സംഭവങ്ങളിലോ അല്ലാതെയോ മരണം സംഭവിച്ചാൽ ജീവനക്കാരന്റെ ആശ്രിതർക്ക് ഒന്നര ലക്ഷം രൂപ വരെയും ജോലിക്കിടയിൽ അപകടത്തിൽപ്പെട്ട് അംഗഭംഗം സംഭവിച്ചാൽ 50,000 രൂപ വരെയും എക്സ്ഗ്രേഷ്യാ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി. ചികിൽസക്ക് പലിശരഹിത വായ്പ നൽകുന്ന പദ്ധതി ഉദാരമാക്കി. സ്വകാര്യ ആശുപത്രിയിലെ ചികിത്സയ്ക്കും റീ-ഇമ്പേഴ്സ്മെന്റ് സൗകര്യം ഏർപ്പെടുത്തി. ഭവനനിർമ്മാണ വായ്പ ഒന്നേകാൽ ലക്ഷം രൂപയിൽ നിന്നും മൂന്നേമുക്കാൽ ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. അഡീഷണൽ ലോൺ മുപ്പതിനായിരം രൂപയിൽ നിന്നും ഒന്നേകാൽ ലക്ഷം രൂപയാക്കി. എക്സ്റ്റൻഷൻ, മെയിന്റനൻസ് വായ്പ ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. മോട്ടോർ കാർ വാങ്ങുന്നതിനുള്ള വായ്പ 80,000 രൂപയിൽ നിന്ന് ഒരു ലക്ഷത്തി എൺപതിനായിരം രൂപയായി വർദ്ധിപ്പിച്ചു. സ്കൂട്ടർ വായ്പ 20,000 രൂപയായി. മോട്ടോർ സൈക്കിൾ വാങ്ങുന്നതിനുള്ള വായ്പ 30,000 രൂപയായി വർദ്ധിപ്പിച്ചു. പാർട്ട്ടൈം ജീവനക്കാർക്ക് പെൻഷനും ഫാമിലി പെൻഷനും ഇൻവാലിഡ് പെൻഷനും അനുവദിച്ചു. പാർട്ട് ടൈം ജീവനക്കാർക്ക് പ്രോവിഡന്റ് ഫണ്ട് പദ്ധതി ആവിഷ്ക്കരിച്ചു. ക്ലാസ് IV ജീവനക്കാർക്ക് 30 വർഷത്തെ സർവ്വീസിന് നാലാമതൊരു ഗ്രേഡ് അനുവദിച്ചുനൽകി. ക്ലാസ് IV ജീവനക്കാരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിന് 25,000 രൂപ വായ്പ അനുവദിക്കുന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി. പെൻഷൻ ലഭിക്കുന്നതിന് മിനിമം സർവ്വീസ് വേണമെന്ന നിബന്ധന ഒഴിവാക്കി. മുഴുവൻ സ്ഥിരം ജീവനക്കാർക്കും പെൻഷൻ നൽകാൻ തീരുമാനിച്ചു. ഫാമിലി പെൻഷൻ ആനുകൂല്യം ജീവനക്കാരുടെ അവിവാഹിതരായ പെൺമക്കൾക്ക് ആജീവനാന്തം അനുവദിച്ചു. ഇതിനെല്ലാം ഉപരി 1200 കോടിയിലേറെ രൂപയുടെ ശമ്പളപരിഷ്ക്കരണം നടപ്പിലാക്കി. പരിഷ്ക്കരണത്തിലെ പോരായ്മകൾ പരിഹരിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. ഈ സർക്കാരിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

ജീവനക്കാരുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുന്നതിന് ഒരു പണി മുടക്ക് സമരത്തിന്റെ യാതൊരു സാഹചര്യങ്ങളും ഇന്ന് നിലവിലില്ല. മേൽപ്പറഞ്ഞ ആനുകൂല്യങ്ങളൊക്കെ നൽകിയത് യാതൊരു പ്രക്ഷോഭണങ്ങൾക്കും ഇടവരുത്താതെയാണ്. ക്ഷാമബത്ത ഇന്നൊരു തർക്കപ്രശ്നമല്ല. കേന്ദ്രത്തിൽ എപ്പോൾ ക്ഷാമബത്ത കൂട്ടിയോ അതനുസരിച്ച് കേരളത്തിലും കൂട്ടുമെന്നുള്ള കാര്യം ആരുടേയും സൗജന്യം കൊണ്ടുണ്ടായതല്ല, ഈ ഭാഗത്തിരിക്കുന്നവരും ആ ഭാഗത്തിരിക്കുന്നവരുമുണ്ട്, എല്ലാവരുടേയും കൂടി കൂട്ടായ സമരം കൊണ്ട് നേടിയതാണ്, ഇതിനുവേണ്ടി 73 ദിവസം സമരം ചെയ്തവരിൽപ്പെടുന്ന ആളാണ് ഞാൻ. അങ്ങനെ നേടിയെടുത്ത ആനുകൂല്യമാണത്. അതുകൊണ്ട് ഡി.എ. പൂർണ്ണമായിത്തന്നെ അനുവദിക്കും. പണിമുടക്കേണ്ട കാര്യമില്ല. ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വരുമ്പോൾ മുൻ സർക്കാരിന്റെ കാലത്തെ രണ്ട് ഗഡു ക്ഷാമബത്ത കുടിശ്ശികയായിരുന്നു. അതും അതിനു ശേഷം 1998 ജൂലൈ വരെ..... (ബഹളം).....

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്തെ ഒരു ഗഡുവും ബാക്കിയില്ല.

ശ്രീ. ടി. ശിവദാസമേനോൻ: എല്ലാ ഗഡുക്കളും ജീവനക്കാർക്കും അദ്ധ്യാപകർക്കും നൽകിയിട്ടുണ്ട്. 1999-ലെ രണ്ട് ഗഡുക്കൾ താമസംവിനാ അനുദവിക്കുമെന്ന് ഞാൻ ഉറപ്പ് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ജീവനക്കാർക്ക് ആശങ്കയില്ല. ക്ഷാമബത്തയ്ക്കായി ഇപ്പോൾ ഒരു പണിമുടക്കിന്റെ ആവശ്യമില്ല. അത് നൽകാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. കഴിയുന്നതും വേഗം തന്നെ അത് നൽകും. ഇത:പര്യന്തമുള്ള ശമ്പളപരിഷ്ക്കരണത്തിൻ നിന്നും വ്യത്യസ്ഥമായി സംസ്ഥാനജീവനക്കാർക്കും അദ്ധ്യാപകർക്കും മെച്ചപ്പെട്ട ആനുകൂല്യമാണ് 1997-മുതൽ പ്രാബല്യത്തിൽ വന്ന ശമ്പളപരിഷ്ക്കരണത്തിലൂടെ നൽകിയത്. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായി പരിഷ്ക്കരണ തീരുമാനമെടുക്കുമ്പോൾത്തന്നെ അപാകതകൾ ഉണ്ടെങ്കിൽ അത് പരിശോധിക്കാൻ ഒരു കമ്മിറ്റിയേയും നിയമിച്ചിരുന്നു. ശമ്പളപരിഷ്ക്കരണത്തിൽ കണ്ട പ്രധാനപ്പെട്ട അപാകതകൾക്ക് ഇതിനകം തന്നെ പരിഹാരം കണ്ടിട്ടുണ്ട്. എല്ലാ വകുപ്പുകളിലേയും എല്ലാവിഭാഗക്കാരേയും തൃപ്തിപ്പെടുത്തിക്കൊണ്ട് ഒരു പരിഷ്ക്കരണം ചരിത്രത്തിൽ ഇന്നേവരെ ഉണ്ടായിട്ടില്ല; ഇനി ഉണ്ടാവുകയുമില്ല. ശ്രദ്ധയിൽപ്പെട്ട പ്രധാനപ്പെട്ട അപാകതകൾ പരിഹരിക്കപ്പെട്ടുകഴിഞ്ഞു. ശമ്പള പരിഷ്ക്കരണത്തിലെ അപാകതകൾ പരിഹരിക്കുക എന്ന കാതടച്ച് വെടിവയ്ക്കുന്ന രീതിമാറ്റിവച്ച് എന്തിലാണ് അപാകതയെന്ന് പ്രത്യേകമായി ചൂണ്ടിക്കാട്ടിയാൽ സർക്കാരിന് ബോദ്ധ്യമാകുന്ന പക്ഷം അത് പരിഹരിക്കാൻ തയ്യാറാണ്. ഇപ്പോൾ ഈ മുദ്രാവാക്യവുമായി പണിമുടക്കിനിറങ്ങിയവരുടെ ആത്മാർത്ഥതയിൽതന്നെ എനിക്ക് സംശയമുണ്ട്. സംസ്ഥാന സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും പെൻഷൻ പ്രായം ഉയർത്തുക എന്നുള്ളത് കേരളംപോലുള്ള ഒരു സംസ്ഥാനത്ത് ലാഘവബുദ്ധിയോടുകൂടി കൈകാര്യം ചെയ്യേണ്ട ഒരു വിഷയമല്ല. ഒരു പണിമുടക്കിലൂടെ ഈ ആവശ്യം നേടിയെടുക്കാമെന്നത് വെറും വ്യാമോഹമാണ്. സംസ്ഥാനത്ത് നിലവിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യസാഹചര്യം കൂടി കണക്കിലെടുക്കുന്ന ഈ സർക്കാരിന് ഇക്കാര്യത്തിൽ വളരെവളരെ ചിന്തിക്കാനുണ്ട്. ജീവനക്കാർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകുകയും അവരുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടുകയും ചെയ്യുമ്പോൾ അവരിൽനിന്നും പൊതുജനം പ്രതീക്ഷിക്കുന്ന സേവനം ലഭ്യമാക്കാനും സർക്കാർ ബാധ്യസ്ഥമാണ്. പൊതുജനാവിൽനിന്നും വേതനം പറ്റുന്ന ഉദ്യോഗസ്ഥൻമാർ യഥാസമയം ഓഫീസിൽ ഹാജരാവുകയും അവരിൽ അർപ്പിതമായ ഉത്തരവാദിത്വം നിർവ്വഹിക്കുകയും വേണം. നിർഭാഗ്യവശാൽ അത്തരമൊരു സേവന സംസ്ക്കാരം ജീവനക്കാരിൽ ഇനിയും മെച്ചപ്പെടേണ്ടതായിട്ടുണ്ട്. ഹാജർനില മെച്ചപ്പെടുത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതിന് നിലവിലുണ്ടായിരുന്ന നിയമങ്ങൾ നടപ്പിലാക്കുക മാത്രമാണ് ചെയ്തത്. 1992-ൽ അന്നത്തെ ഐക്യജനാധിപത്യമുന്നണി സർക്കാർ പുറപ്പെടുവിച്ച ജി.ഒ.(പി)/65/92/വി.ജി. എന്ന ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം വിജിലൻസ് അധികൃതർ സർക്കാർ ഓഫീസുകളിൽ പോയി ജീവനക്കാരുടെ ഹാജർനില പരിശോധിക്കേണ്ടതാണ്. അത് ഇപ്പോഴല്ല, 1992 മുതലുണ്ട്. ഈ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ഇപ്പോൾ വിജിലൻസ് ഉദ്യോഗസ്ഥൻമാർ നടത്തുന്ന പരിശോധന പോലീസ് രാജായി ചിത്രീകരിച്ച് അതിനെതിരെ പ്രക്ഷോഭങ്ങൾ നടത്തുന്നതിൽ അർത്ഥമില്ല. പൊതുജനോപകാരപ്രദമായ സിവിൽ സർവ്വീസിന്റെ പുനഃസൃഷ്ടിക്കായി യത്നിക്കുകയാണ് വേണ്ടത്. ഇന്നത്തെ പണിമുടക്ക് ജീവനക്കാരുടെ താല്പര്യത്തിനുവേണ്ടിയാണെന്ന് എനിക്ക് അഭിപ്രായമില്ല. ഇത് പൊതുജന താല്പര്യത്തിന് എതിരാണ്. ഉത്തരവാദിത്വമുള്ള ആർക്കും ഇതിനോട് യോജിക്കാനാവില്ല. ഞാൻ ഒരുവാചകം കൂടി പറയുകയാണ്. ഒറീസയിലെ ശമ്പളപരിഷ്ക്കരണത്തിന്റെ ജി.ഒ. ഉണ്ട്. അതിൽ എന്താണെന്നറിയാമോ? ശമ്പള പരിഷ്ക്കരണത്തിന്റെ ഫലമായി കിട്ടുന്ന ബെന്നിഫിറ്റിന്റെ പകുതിയേ കൊടുക്കുകയുള്ളൂ, half of the benefit കൊടുക്കുകയില്ല. അത് impound ചെയ്യുകയാണ്. അതുപോലെ കർണ്ണാടകത്തിൽ ആരാണ് ഭരിക്കുന്നത്? കർണ്ണാടകത്തിൽ ശമ്പളപരിഷ്ക്കരണമെന്നുള്ള ഒരിടപാട് ഉണ്ടായിട്ടില്ല..... (ബഹളം).....നിങ്ങൾ ചെയ്ത നീതിയാണ് പറയുന്നത്. ഒറീസയിൽ നിങ്ങളുടെ പാർട്ടിയാണ് ഭരിക്കുന്നത്. കൂട്ടിയ ശമ്പളത്തിന്റെ പകുതി കൊടുത്താൽ മതി. അതുപോലെ കർണാടകയിൽ ശമ്പളപരിഷ്ക്കരണത്തെപ്പറ്റി ചിന്തിച്ചിട്ടേയില്ല. 1200 കോടി രൂപയുടെ ബാദ്ധ്യതയുണ്ടാക്കി ക്കൊണ്ട് ഈ ഗവൺമെന്റ് ശമ്പള പരിഷ്ക്കരണം നടത്തിയിട്ടുണ്ട്. അതുപോലെ പ്രസവാനുകൂല്യ കാലാവധി 90-ൽ നിന്നും 145 ദിവസമാക്കി. അതുപോലെ സിറ്റികോംപൻസേഷൻ അലവൻസ് വർദ്ധിപ്പിച്ചു. കേന്ദ്രത്തിൽ പാരിറ്റി 10 കൊല്ലമാണ്. ഇവിടെ അത് 5 കൊല്ലമാണ്. 10 കൊല്ലമെന്നുള്ള റിപ്പോർട്ട് സ്വീകരിക്കാതെ frequency of Pay-revision 5 കൊല്ലമാക്കി. ഇനി അടുത്ത പേ റിവിഷൻ വരുമ്പോൾ സ്റ്റേറ്റ് പാരിറ്റിക്ക് കേന്ദ്ര ഗവൺമെന്റ് ജീവനക്കാർ സമരം ചെയ്യേണ്ടിവരും. ആ അവസ്ഥയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. സത്യമിതായിരിക്കെ എല്ലാം വളച്ച്ഒടിച്ച് ഈ ഗവൺമെന്റ് ജീവനക്കാർക്കെതിരാണെന്ന് വരുത്തിത്തീർക്കാൻ നടത്തുന്ന മനുഷ്യപ്രയത്നത്തിന്റെ വ്യഥായിലുള്ള ദുർവ്യയമാണ് ഇവിടെ കാണുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഏതായാലും നല്ല ക്രിയാത്മകമായി സമീപനമാണ് ഗവൺമെന്റിനുള്ളത്. ചർച്ചക്ക് വിളിക്കേണ്ട കംപ്ലീറ്റ് കാര്യങ്ങൾ ഇതിലുണ്ട്. ചർച്ചകൊണ്ട് തീരുമാനങ്ങളെടുക്കാവുന്ന കാര്യങ്ങൾ ഇതിലുണ്ടെങ്കിൽ ചർച്ചയ്ക്കൊന്നും ഗവൺമെന്റ് എതിരല്ല, യാതൊരു സംശയവുമില്ല.

ശ്രീ. ടി.എം. ജേക്കബ് : സർ, I am raising a Point of Order. റൂൾ 304 അനുസരിച്ച് സ്പെസിഫിക്കായിട്ട് ഒരു മെമ്പർക്ക് ഒരു മാറ്റർ ഉന്നയിക്കാം. അതിനാണ് മന്ത്രി മറുപടി പറയേണ്ടത്. ഇവിടെ ശ്രീ. ആര്യാടൻ മുഹമ്മദ് ഉന്നയിച്ച വിഷയങ്ങൾക്കൊന്നും തന്നെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞിട്ടില്ല. ഗവൺമെന്റിന്റെ പോളിസി ഡിക്ലയർ ചെയ്യാൻ വേറെ മാർഗ്ഗങ്ങളുണ്ട്. റൂൾ 300 സ്റ്റേറ്റുമെന്റാകാം. അല്ലാതെ വ്യത്യസ്ഥമായിട്ട് പോകുന്നത് ശരിയാണോ ? അല്ലെങ്കിൽ സബ്മിഷൻസ് എന്നുപറയുന്നതിന് അർത്ഥമില്ല. അങ്ങ് ആ കാര്യത്തിൽ ഒരു റൂളിങ് മന്ത്രിമാർക്ക് നൽകണമെന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ : മന്ത്രിമാർക്ക് മാത്രമായി റൂളിങ് നൽകാൻ പറ്റില്ല. സബ്മിഷൻസും ഒരുകാര്യത്തെ സംബന്ധിച്ചുമാത്രം മെൻഷൻ ചെയ്യുന്നതിനു വേണ്ടിയാണ്. അങ്ങനെ പരിശോധിച്ചാൽ ശ്രീ. ആര്യാടൻ മുഹമ്മദിന്റെ സബ്മിഷൻ ഇന്ന് അനുവദിക്കാൻ പാടില്ലാത്തതാണ്. അതുമാത്രമല്ല, ഭരണപക്ഷ മായാലും പ്രതിപക്ഷമായാലും പല സബ്മിഷൻ ഇന്ന് അനുവദിക്കാൻ പറ്റാത്തതാണ്. സമരമെന്നുപറഞ്ഞതുകൊണ്ട് കാര്യമില്ല. ഇപ്പോൾ ഒരു യുവജനസമരം യുവജനങ്ങളുടെ എല്ലാ ഡിമാൻഡ്സും, അല്ലെങ്കിൽ കർഷക സമരം ഇങ്ങനെയൊക്കെ വരുന്നത് പ്രയോഗിക ബുദ്ധിമുട്ടാണ്. പക്ഷേ ഇവിടെ അനുവദിച്ചുകൊണ്ടിരിക്കുന്നു. അതു വന്നുകഴിഞ്ഞാൽ മന്തി മറുപടി പറയണ്ടേ?

ശ്രീ. ടി. എം. ജേക്കബ് : സർ, ശ്രീ. ആര്യാടൻ മുഹമ്മദ് മൂന്നുകാര്യം മാത്രമേ പറഞ്ഞിട്ടുള്ളൂ.

മി. സ്പീക്കർ : മൂന്ന് കാര്യമൊന്നുമല്ല, 30 കാര്യം പറഞ്ഞു. ശ്രീ. ആര്യാടൻ മുഹമ്മദിനെ കുറ്റം പറയുന്നില്ല. അദ്ദേഹം പറഞ്ഞതൊക്കെ ഡിമാൻഡ്സാണ്. അതുകൊണ്ട് അങ്ങനെ ഒരു ഡിസ്ക്ഷനിലേക്ക് പോകണ്ട, അതു നമ്മൾ പരസ്പരം ആലോചിച്ച് ചെയ്യേണ്ട ഒരു കാര്യമാണ്.

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ അങ്ങയുടെ ശ്രദ്ധയിൽ ഒരുകാര്യം കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ട മുഴുവൻ പഞ്ചായത്ത് മെമ്പർമാരും കഴിഞ്ഞ ഞായറാഴ്ച സത്യാഗ്രഹം ആരംഭിച്ചു. അവിടെ ഇന്നലെ ഹർത്താലാ യിരുന്നു. ഞാൻ അത് സംബന്ധിച്ച് എഴുതി തന്നിട്ട് മൂന്നു ദിവസമായി. എനിക്ക് അതേക്കുറിച്ച് ഒരുവാക്കുന്നയിക്കാൻ അനുവാദം കിട്ടിയില്ലായെങ്കിൽ എനിക്ക് എന്റെ നാട്ടിൽ പോകാൻ പറ്റില്ല. അവിടെ പഞ്ചായത്ത് മെമ്പർമാർ മുഴുവൻ സത്യാഗ്രഹത്തിലാണ്.

മി. സ്പീക്കർ : ആഭ്യന്തരവകുപ്പുമായി ബന്ധപ്പെട്ട അവിടുത്തെ ഒരു പ്രധാനപ്പെട്ട പ്രശ്നമാണത്. അങ്ങത് രണ്ട് ദിവസം മുൻപ് എഴുതി തന്നു. ആ

LIBRARY ARCHIVES Kerala Legislative Assembly

ദിവസം തന്നെ മുഖ്യമന്ത്രിക്ക് കൊടുത്തു. മുഖ്യമന്ത്രി തന്നെ മറുപടി പറയേണ്ട ഒരു വിഷയമാണത്. ഇന്നലേയും ഇന്നും മുഖ്യമന്ത്രി സഭയിലുണ്ടാവില്ലെന്ന് അറിയിച്ചിരുന്നു. ഇന്നും അദ്ദേഹത്തിന് സബ്മിഷൻസ് ഒന്നുമില്ല. അതുകൊണ്ട് അദ്ദേഹത്തിന്റെ സൗകര്യം നോക്കി നാളത്തേക്ക് പോസ്റ്റു ചെയ്തതാണ്. അത് ചെയറിന്റെ കുറ്റമല്ല. സബ്മിഷൻസ് ആണെങ്കിൽ അത്രയേ ചെയ്യാൻ പറ്റുകയുള്ളൂ. അടിയന്തിരപ്രമേയമല്ലല്ലോ? നേരെമറിച്ച് നമുക്കൊരു ചോദ്യം ചോദിക്കാം, 12 ദിവസം മുൻപ് നമ്മൾ നോട്ടീസ് കൊടുക്കുന്നില്ലേ? ഇത് മുഖ്യമന്ത്രി തന്നെ മറപടി പറയേണ്ട വിഷയമായതുകൊണ്ട് അദ്ദേഹത്തിന്റെ സൗകര്യം കൂടി നോക്കി നാളത്തേക്ക് പോസ്റ്റ് ചെയ്തിട്ടുണ്ട്, നാളെ മറുപടി പറയും, അതുവരെ ക്ഷമിക്കുക.

(2) സുൽത്താൻബത്തേരി-ചുള്ളിയോട്-താളൂർ റോഡ് ഗതാഗതയോഗ്യമാക്കേണ്ടതിന്റെ ആവശ്യകത

<u>ശ്രീ. വർഗ്ഗീസ് വൈദ്യർ</u> : സർ, സുൽത്താൻബത്തേരി-ചുള്ളിയോട്-താളൂർ റോഡിന്റെ റിപ്പെയർ പണിക്കുവേണ്ടി കഴിഞ്ഞകൊല്ലം കോൺട്രാക്ട് കൊടുത്തതാണ്. കോൺട്രാക്ട് എടുത്തയാൾ പണിയൊന്നും ചെയ്യാതെ ഒരു കൊല്ലം കഴിഞ്ഞപ്പോൾ ആ റോഡ് കുണ്ടും കുഴിയുമായി. അവിടെ പല സമരങ്ങളും നടന്നു. നിരാഹാരസമരവും ഇടയ്ക്കു നടന്നു. ഇപ്പോൾ കോൺട്രാക്ടറെ മാറ്റി കൊടുത്തിട്ടുണ്ടെന്നാണ് കേൾക്കുന്നത്. കോൺട്രാക്ടറെ മാറ്റി കൊടുത്താലും റോഡ് ഗതാഗതയോഗ്യമല്ലാതായി കിടക്കുകയാണ് മാത്രമല്ല, അതുവഴിയുള്ള വാഹനങ്ങൾ ഇപ്പോൾ ഓടുന്നില്ല. വിദ്യാർത്ഥികൾക്ക് കോളേജുകളിലും സ്കൂളുകളിലും പഠിക്കാൻ പോകാൻ സാധിക്കാത്ത സ്ഥിതിയാണ്. സുൽത്താൻബത്തേരി- ചുള്ളിയോട്-താളൂർ റോഡ് എന്നു പറഞ്ഞാൽ തമിഴ്നാടുമായി ബന്ധപ്പെടുന്ന അന്തർ സംസ്ഥാന റോഡാണ്. ആ റോഡ് ഗതാഗതയോഗ്യമല്ലാതായി മാറിയിട്ട് കൊല്ലം രണ്ടായി. പല നിവേദനങ്ങളും നടത്തിയതാണ്. ഇപ്പോഴും റിപ്പെയറാണ്. റിപ്പെയർ ചെയ്തിട്ട് യാതൊരു ഫലവുമില്ലെന്നാണ് അവിടെയുള്ള മുഴുവൻ ആളുകളും പറയുന്നത്. അതുകൊണ്ട് റീ മെറ്റൽ ചെയ്ത് ടാറിട്ടാൽ മാത്രമേ ആ റോഡ് പ്രയോജനകരമാകുകയുള്ളൂ. അതിപ്പോൾ വേറൊരാൾക്ക് റിപ്പെയറിന് കൊടുത്തിട്ടുണ്ട്. സൂപ്രണ്ടിംഗ് എൻജിനീയറോട് ഇന്നലെയും വിളിച്ചു ചോദിച്ചു. വേറൊരാളെ ഇത് ഏൽപ്പിച്ചിട്ടുണ്ടെന്നാണ് പറഞ്ഞത്. ഇങ്ങനെ ഇത് പോയാൽ ശരിയാകില്ല. ഈ സഭയിൽ മുൻപ് ഞാൻ പ്രസംഗിച്ചപ്പോൾ തന്നെ പറഞ്ഞു, കോടിക്കണക്കിന് രൂപയുടെ മരങ്ങൾ അവിടെ നിൽക്കുന്നുണ്ട്, വലിയ മരങ്ങളാണ്. ആ മരങ്ങൾ വെട്ടിവിറ്റാൽ റോഡിന് വീതിയും കിട്ടും ഇതിനാവശ്യമുള്ള കാശും കിട്ടും. അത് അവിടെത്തന്നെ ഉപയോഗിച്ചാൽ മതിയെന്നാണ് പറഞ്ഞത്. പി.ഡബ്ല്യു.ഡി. റോഡുകളിൽ കോഴിക്കോടും മൈസൂരും റോഡല്ലാത്ത വയനാട്ടിലെ പി.ഡബ്ല്യു.ഡി. റോഡുകളുടെയെല്ലാം സ്ഥിതി ഇതാണ്. ആ നിലയ്ക്ക് ഈ കാര്യങ്ങൾ പ്രത്യേക പരിഗണനയിലെടുത്ത് ചെയ്യണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly